(ബി) ആലപ്പുഴ ജില്ലയിൽ കടൽകയറ്റ ഭീഷണിയുള്ളിടത്ത് കണ്ടൽവനം വച്ചുപിടിപ്പിക്കുവാനുദ്ദേശമുണ്ടോ;

(സി) ഇല്ലെങ്കിൽ പരിക്ഷണാടിസ്ഥാനത്തിൽ ഇത് ചെയ്യുവാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) രാഷ്ട്രപിതാവിന്റെ സ്മരണയ്ക്കായി ആലപ്പുഴ ജില്ലയിലെ പുറക്കാട് പഞ്ചായത്തിൽ പുറക്കാട് വില്ലേജിൽ ഏകദേശം 240 ഹെക്ടർ വിസ്തൃതിയിൽ ഒരു ഗാന്ധി സ്മൃതിവനം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ കടൽത്തീരങ്ങളിൽ കണ്ടൽച്ചെടികളും മറ്റ് വൃക്ഷത്തൈകളും വച്ചുപിടിപ്പിക്കുന്നതിന് 55 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ഉൾപ്പെടെയുള്ള തീരദേശ ജില്ലകളിൽ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പുതിയ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉത്തരം (ബി)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

ആദിവാസികളെ വനത്തിൽ നിന്ന് മാറ്റി പാർപ്പിക്കുവാൻ നടപടി

98 (3307) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ വനത്തിൽ താമസിക്കുന്ന ആദിവാസികളെയും മറ്റുള്ളവരെയും വനത്തിൽനിന്നും മാറ്റി പാർപ്പിക്കാൻ ഉദ്ദേശമുണ്ടോ :

(ബി) എങ്കിൽ എത്ര കുടുംബങ്ങളെ മാറ്റി താമസിപ്പിക്കേണ്ടതായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ :

(സി) അതിന് എത്ര ഹെക്ടർ സ്ഥലം കണ്ടെത്തണമെന്നും ഇതിന് ഒട്ടാകെ എന്ത് ചെലവ് വരുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 983 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കേണ്ടിവരും.

(സി) ഉദ്ദേശം 700 ഹെക്ടർ സ്ഥലം കണ്ടെത്തണമെന്നും ഇതിന് ആകെ 16.8 കോടി രൂപ ചെലവ് വരുമെന്നും കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly